6. കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ 2001-2002-ലെ വാർഷിക റിപ്പോർട്ട് കാലതാമസത്തിനുള്ള കാരണം കാണിക്കുന്ന സ്റ്റേറ്റ്മെന്റ് സഹിതം.

VIII. സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്ത് വയ്ക്കുന്നു:

ജി. ഒ. (പി) നമ്പർ 132/04/സഹകരണം തീയതി 25-5-2004 (എസ്. ആർ. ഒ. നമ്പർ 582/2004).

IX. ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്ത് വയ്ക്കുന്നു:

സ്റ്റേറ്റ് ഫിനാൻസ് സെല്ലിന്റെ 2002-2003-ലെ റിപ്പോർട്ട് കാലതാമസത്തിനുള്ള കാരണം കാണിക്കുന്ന സ്റ്റേറ്റ്മെന്റ് സഹിതം.

X. (സെക്രട്ടറി): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്ത് വയ്ക്കുന്നു. നിയമസഭ പാസ്സാക്കിയ ഗവർണ്ണറുടെ/രാഷ്ട്രപതിയുടെ അംഗീകാരം ലഭിച്ച താഴെപ്പറയുന്ന ബില്ലുകൾ:

1. 2003-ലെ കേരള കോ-ഓപ്പറേറ്റീവ് ലാസ് (ഭേദഗതി) ബിൽ (2004-ലെ 16-ാം ആക്ട്).
2. 2004-ലെ കേരള സ്വാശ്രയ പ്രൊഫഷണൽ കോളേജുകൾ (ക്യാപ്പിറ്റേഷൻ ഫീസ് നിരോധിക്കലും പ്രവേശനത്തിനും ഫീസ് നിശ്ചയിക്കലിനും ഉള്ള നടപടിക്രമവും) ബിൽ (2004-ലെ 17-ാം ആക്ട്).

VI. റിപ്പോർട്ടു സമർപ്പണം

പബ്ളിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ 71 മുതൽ 80 വരെയുള്ള റിപ്പോർട്ടുകൾ

ഡോ. തോമസ് ഐസക്: പബ്ളിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ ചെയർമാനായ ഞാൻ കമ്മിറ്റിയുടെ 71 മുതൽ 80 വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

VII. വ്യക്തിപരമായ വിശദീകരണം

19-7-2004-ൽ ആരോഗ്യ വകുപ്പിന്റെ ധനാഭ്യർത്ഥന ചർച്ചാവേളയിൽ ശ്രീ. ടി. കെ. ദേവകുമാർ നടത്തിയ പരാമർശം സംബന്ധിച്ച്

വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ): 19-07-2004-ൽ ആരോഗ്യവകുപ്പിന്റെ ധനാഭ്യർത്ഥന ചർച്ചാവേളയിൽ ബഹുമാനപ്പെട്ട അംഗം ശ്രീ. ദേവകുമാർ മുൻ ആരോഗ്യവകുപ്പുമന്ത്രി എന്നനിലയിൽ എനിക്കെതിരെ ചില ആരോപണങ്ങൾ ഉന്നയിക്കുകയുണ്ടായി. എല്ലാ ആരോപണങ്ങളും ഞാൻ ശക്തമായി നിഷേധിക്കുന്നു. അടിസ്ഥാനരഹിതവും വസ്തുതകൾക്ക് നിരക്കാത്തതും, വളച്ചൊടിച്ചതും, വ്യക്തിപരമായി എന്നെ തേജോവധം

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യണമെന്ന ദുരുദ്ദേശത്തോടുകൂടി ബോധപൂർവ്വം മെനഞ്ഞെടുത്തതുമായ ഭാവനാപരമായ കാര്യങ്ങളാണ് ഈ ആരോപണങ്ങളത്രയും. സംശുദ്ധമായ എന്റെ രാഷ്ട്രീയ ജീവിതത്തിൽ കളങ്കം ചാർത്തണമെന്നുള്ള ദുഷ്ടലാക്കോടുകൂടിയ, തികച്ചും രാഷ്ട്രീയപ്രേരിതമായ ആരോപണങ്ങളാണ് സഭയിൽ ഉന്നയിക്കപ്പെട്ടിരിക്കുന്നത്. ഖേദപൂർവ്വം ഞാൻ പറയട്ടെ, എന്റെ മകളുടെ ഭർതൃപിതാവിന്റെ ഹൃദയ ശസ്ത്രക്രിയയുമായി ബന്ധപ്പെട്ട് ഞാൻ ചെന്നൈയിലേക്ക് പോയതായിരുന്നു. അന്നേദിവസം എന്റെ ചുമതലകൾ ബഹുമാന്യനായ പാർലമെന്ററികാര്യ വകുപ്പുമന്ത്രി ശ്രീ. എം. എം. ഹസ്സനെ ഏൽപ്പിച്ച് ബഹുമാനപ്പെട്ട സ്പീക്കറുടെ അനുവാദത്തോടുകൂടിയായിരുന്നു ഞാൻ ചെന്നൈയിൽ ആശുപത്രിയിൽ പോയിരുന്നത്. എന്നാൽ ഞാൻ ബോധപൂർവ്വം വരാതിരുന്നതാണെന്നുള്ള അസംബ്ലിയിൽ നടത്തപ്പെട്ട പരാമർശം തികച്ചും ക്രൂരവും ഖേദകരവുമാണ്. മാനുഷിക ബന്ധങ്ങൾപോലും രാഷ്ട്രീയ താൽപ്പര്യങ്ങൾക്കുവേണ്ടി ദുർവ്യാഖ്യാനം ചെയ്യപ്പെടുന്നത് വളരെയധികം ഹൃദയഭേദകമാണെന്ന് പറയാതിരിക്കാൻ നിവൃത്തിയില്ല. സെൻട്രൽ പർച്ചേസ് കമ്മിറ്റി രൂപീകരണം നീണ്ടു പോയതിന് മന്ത്രിയെന്ന നിലയിൽ ഞാൻ ഉത്തരവാദിയാണെന്നുള്ളതാണ് ആരോപണം. സി.പി.സി. മന:പൂർവ്വം രൂപീകരിക്കാതെ ചട്ടവിരുദ്ധമായി മരുന്നുവാങ്ങിയ ഇടപാടിൽ മരുന്നു കമ്പനികളിൽനിന്നും പണം കൈപ്പറ്റിയെന്ന ആരോപണം ഞാൻ നിഷേധിക്കുന്നു. മെഡിസിൻ പർച്ചേസിൽ കുറേക്കൂടി സുതാര്യവും മെച്ചപ്പെട്ടതും സംസ്ഥാനത്തിന് സാമ്പത്തികനേട്ടം ഉണ്ടാക്കുന്നതുമായ തമിഴ്നാട് മോഡൽ പർച്ചേസിംഗ് സിസ്റ്റം കേരളത്തിലും നടപ്പിലാക്കുന്നത് നല്ലതാണെന്ന് ഉദ്യോഗസ്ഥതലത്തിൽ ഉയർന്നുവന്ന നിർദ്ദേശം പരിഗണിക്കാനുള്ള ശ്രമം നടത്തിയെന്നതാണ് ഞാൻ ചെയ്ത ഏറ്റവും വലിയ കുറ്റം. അത് മാത്രമല്ല .....(ബഹളം)..... സി.പി.സി. യിലേയ്ക്ക് സ്റ്റോർ പർച്ചേസ് വകുപ്പിന്റെ പ്രതിനിധിയെ നാമനിർദ്ദേശം ചെയ്യാനുള്ള കാലതാമസവും CPC ചേരുന്നത് നീണ്ടുപോകാനുള്ള മറ്റൊരു കാരണമായി. മരുന്നുക്ഷാമം നേരിട്ടകാര്യം സബ്മിഷനിലൂടെയും, നിവേദനങ്ങളിലൂടെയും നിയമസഭാ ചോദ്യോത്തര വേളയിലും പത്ര മാധ്യമങ്ങളിലും ആക്ഷേപമായി വന്ന അവസരത്തിൽ, പെട്ടെന്ന് മരുന്ന് ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള നിർദ്ദേശം ഡി.എച്ച്.എസും. ഡി.എം.ഇ.-യും സർക്കാരിന് സമർപ്പിച്ചപ്പോൾ 2002-03 കാലഘട്ടത്തിൽ സി.പി.സി. അംഗീകരിച്ച ലിസ്റ്റിൽ നിന്ന്..... (ബഹളം).....ആവശ്യമായ മരുന്നുകൾ വാങ്ങാൻ അവർ അനുമതി തേടി. ആ അനുമതി സ്വാഭാവികമായും പല മരുന്നുകൾക്കും മുൻ വർഷത്തെ അപേക്ഷിച്ച് വിലകൂടുമെന്നിരിക്കെ പോയവർഷത്തെ നിരക്ക് അനുസരിച്ച് സി.പി.സി. ലിസ്റ്റനുസരിച്ച്, മരുന്നുകൾ വാങ്ങാനുള്ള അനുമതിയാണ് നൽകിയത്. അതിൽ എന്തെങ്കിലും അഴിമതി ആരോപിക്കുന്നത് തികച്ചും വേദനാജനകമാണെന്നു മാത്രമല്ല ദുരുദ്ദേശപരവുമാണ്.

മേൽ പ്രസ്താവിച്ച കാരണങ്ങളാൽ ഇടക്കാലത്ത് നടത്തിയ പർച്ചേസ് സർക്കാരിനെ സംബന്ധിച്ചിടത്തോളം ലാഭകരമാണ്, നീതീകരിക്കത്തക്കതുമാണ്. ഇത്തരം ഒരു തീരുമാനം സമയോചിതമായി സ്വീകരിച്ചില്ലായിരുന്നുവെങ്കിൽ ആശുപത്രികളിലെ മരുന്നുക്ഷാമം വലിയ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുമായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ ഇരുപത്തിയഞ്ചു കോടി രൂപയുടെ മരുന്ന് മേൽപ്പറഞ്ഞ കാലയളവിൽ വാങ്ങിച്ചുവെന്നാണ് പറഞ്ഞത്, അതു ശരിയല്ല. എന്റെ ഓർമ്മ ശരിയാണെങ്കിൽ എലിപ്പനി, ഡെങ്കിപ്പനി തുടങ്ങിയ മാരകമായ പകർച്ച വ്യാധികൾ സംസ്ഥാനത്തൊട്ടുക്കും വ്യാപിച്ച അവസരത്തിൽ ക്യാബിനറ്റിന്റെ യോഗം അഞ്ചു കോടി രൂപയ്ക്ക് മരുന്നുവാങ്ങാൻ പ്രത്യേക സമ്മതം നൽകി. പ്രസ്തുത അഞ്ചു കോടി ഉൾപ്പടെ ഏതാണ്ട് പതിനേഴ് കോടി രൂപയോളം തുകയ്ക്ക് മാത്രമാണ് അന്ന് മരുന്ന് വാങ്ങിയത്. മരുന്ന് വാങ്ങാനുള്ള കാലതാമസം ഈ രണ്ടു കാരണങ്ങളാലാണുണ്ടായത്. ഒന്നര വർഷം താമസിച്ചു വെന്നാണ് ബഹുമാനപ്പെട്ട മെമ്പർ സഭയിൽ പറഞ്ഞത്. അതു ശരിയല്ല. സി.പി.സി. മാനദണ്ഡങ്ങൾക്കനുസരിച്ച് ഡി.എം.ഒ. മാരും മെഡിക്കൽ കോളേജ് പ്രിൻസിപ്പൽമാരും റികമെന്റനുസരിച്ച് മാത്രമാണ് സി.പി.സി. അംഗീകരിച്ച ലിസ്റ്റിൽനിന്ന് പർച്ചേസ് ചെയ്യുന്നത്. ഇതിൽ ഒരു മന്ത്രിക്കും ഒരു പങ്കുമില്ല. സർക്കാർ ആശുപത്രികളിൽ മരുന്നു ദൗർലഭ്യം ഒഴിവാക്കുന്നതിനുവേണ്ടിയാണ് പുതിയ സി.പി.സി. നിരക്ക് നിശ്ചയിക്കുന്നതുവരെ പഴയ നിരക്കിൽ മരുന്ന് വാങ്ങിയിട്ടുള്ളത്. ഇക്കാര്യം ബഹുമാനപ്പെട്ട ആരോഗ്യവകുപ്പു മന്ത്രി ഈ നിയമസഭയിൽ തന്നെ വ്യക്തമാക്കിയതാണ്. കൊക്കക്കോള സംബന്ധിച്ചാണ് രണ്ടാമത്തെ ആരോപണം.

മി. സ്പീക്കർ: ഒരുപാടുണ്ടോ?

ശ്രീ. പി. ശങ്കരൻ: ഉണ്ട്.

മി. സ്പീക്കർ: മേശപ്പുറത്ത് വച്ചാൽമതി റിക്കോർഡിന്റെ ഭാഗമാക്കാം.

ശ്രീ. പി. ശങ്കരൻ: Sir, with your kind permission I place it on the Table and this may be treated as duly stated and may be recorded in the proceedings of the House, Thank You Sir.

Mr. Speaker: Yes, this will be recorded.

(ബഹുമാനപ്പെട്ട സ്പീക്കറുടെ നിർദ്ദേശപ്രകാരം റിക്കോഡിന്റെ ഭാഗമാക്കിയ ബഹു. വിനോദസഞ്ചാര വകുപ്പുമന്ത്രിയുടെ വ്യക്തിപരമായ വിശദീകരണത്തിന്റെ ബാക്കിഭാഗം താഴെ കൊടുക്കുന്നു.)

കൊക്കക്കോള സംബന്ധിച്ച ആരോപണവും ദുരുപദിഷ്ടമാണ്. വിവിധ ലാബുകളിൽ നിന്ന് വ്യത്യസ്ഥമായ റിപ്പോർട്ടുകൾ ലഭിച്ച സാഹചര്യത്തിൽ എല്ലാ റിപ്പോർട്ടുകളും വിശദമായി പരിശോധിച്ചതിനുശേഷമാണ് കൊക്കക്കോള സംബന്ധിച്ച നിലപാട് സർക്കാർ വ്യക്തമാക്കിയത്. കേരള സർക്കാർ കൈക്കൊണ്ട നിലപാട് ന്യായീകരിക്കുന്ന രീതിയിലായിരുന്നു കേന്ദ്ര ആരോഗ്യ വകുപ്പും, കേന്ദ്ര മന്ത്രിയും പ്രതികരിച്ചത്. കൊക്കക്കൊള കമ്പനിയെ സഹായിക്കുന്ന ഒരു തീരുമാനവും കേരള സർക്കാർ സ്വീകരിച്ചിട്ടില്ല. ഇതു സംബന്ധിച്ച തീരുമാനങ്ങൾ ആരോഗ്യ വകുപ്പ് ഏകപക്ഷീയമായി കൈക്കൊണ്ടിട്ടുമില്ല. ലഭിച്ച റിപ്പോർട്ടുകൾ യഥാസമയം ജലവിഭവ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, ആരോഗ്യവകുപ്പ് എന്നീ വിവിധ വകുപ്പുകൾ പരിശോധിച്ചതാണെന്നിരിക്കെ സർക്കാർ കൈക്കൊണ്ട നിലപാടിന്റെ പേരിൽ മന്ത്രിയ്ക്കെതിരെ അഴിമതി ആരോപണം നടത്തുന്നതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

സാംഗത്യം എത്ര ചിന്തിച്ചിട്ടും മനസ്സിലാക്കാൻ കഴിയുന്നില്ല. വിവിധ സംസ്ഥാനങ്ങളിലെ ലബോറട്ടറികളിലെ റിപ്പോർട്ടുകൾ കൂടി ആധാരമാക്കിയാണ് കൊക്കക്കോളയെ സംബന്ധിച്ച സർക്കാർ എല്ലാ നിലപാടുകളും കൈക്കൊണ്ടത്— വസ്തുതകൾ ഇതായിരിക്കെ എന്തു സഹായമാണ് കമ്പനിക്ക് നൽകിയത് എന്ന് ആരോപണ കർത്താവ് വ്യക്തമാക്കിയിട്ടുമില്ല. ആരോപണത്തിന്റെ പുകമറ സൃഷ്ടിച്ച് സംശയത്തിൻ മുൾമുനയിൽ നിർത്തുക എന്ന തന്ത്രമാണിവിടെ പ്രകടിപ്പിച്ചിരിക്കുന്നത്. ഇത് സംബന്ധിച്ച് എവിടെയൊക്കെ, ഏതെല്ലാം ലാബുകളിലാണ് പരിശോധനക്കയച്ചത്, എന്താണ് വസ്തുതകൾ എന്നും ഇക്കാര്യത്തിൽ സർക്കാർ നിലപാട് എന്ത് എന്നും ആരോഗ്യമന്ത്രി തന്നെ നിയമസഭയിൽ ധനാഭ്യർത്ഥനയ്ക്കുള്ള മറുപടി പറയുമ്പോൾ വ്യക്തമാക്കിയിട്ടുണ്ട്. നമുക്ക് റിസൾട്ട് പരിശോധിക്കാം—

കേരളത്തിൽ തിരുവനന്തപുരത്ത് Government Analysts Lab Report 18-8-2003 പ്രകാരം കൊക്കക്കോള പാനീയത്തിൽ വിഷാശംങ്ങൾ കണ്ടെത്തിയിട്ടില്ല. Analytical Result—Not detected. ഇതിനുശേഷം ലഭിച്ച റിപ്പോർട്ടുകൾ—കേരളത്തിനു പുറത്തുള്ള Centrally accredited Lab Reports.

No.	Name of Lab	Date of issue of result	Remarks
1	SGS Chennai	3-9-2003	BDL-Below Detection Limit (DL-0.001 mg/L0 BDL (DL-0.01mg/L)—All below detection limited.
2	Vimla Labs, Hyderabad	1-9-2003	Below Detection Limit
3	Bangalore Test House	15-9-2003	All below Detection Level
4	Shri Ram Institute for Industrial Research, Bangalore	1-10-2003	Malathion-ഉം DDT-ഉം അംശം കണ്ടെത്തിയിരുന്നു.

സംസ്ഥാന ലബോറട്ടറികളിൽ നടത്തിയ പരിശോധനയ്ക്ക് ശേഷമാണ് അന്യ സംസ്ഥാനങ്ങളിലെ Accredited Lab-ലെ റിസൾട്ട് ലഭിച്ചത്. ഈ ലാബുകളിൽത്തന്നെ 4 ലാബുകളിൽ മൂന്നും സംസ്ഥാന റിസൾട്ട് ശരിവയ്ക്കുന്നതാണ്. ഒരു ലാബിലെ റിപ്പോർട്ട് മാത്രമാണ് വിഷാംശം ഉണ്ടെന്ന് പറയുന്നത്. ഇതുകൊണ്ടുതന്നെ ഇവിടുത്തെ ലാബിന്റെ റിസൾട്ടിനെ സ്വാധീനിച്ചു എന്ന് പറയുന്നത് അർത്ഥശൂന്യമാണ്. ആരോപണം നിലനിൽക്കുന്നതല്ല. PFA Standards-ൽ കീടനാശിനിയുടെ അളവ് എത്രമാത്രം ആകാം എന്ന് നിശ്ചയിച്ചിട്ടില്ലാത്തതിനാൽ ഇതിന്റെ പേരിൽ നിയമനടപടിയും സാധ്യമാകുമായിരുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

മൂന്നാമത്തെ ആരോപണം ഹെപ്പറ്റൈറ്റിസ്-ബി വാക്സിൻ വാങ്ങിയതിൽ ഞാൻ അഴിമതി നടത്തി എന്നതാണ്. മന്ത്രി തലത്തിലോ, സെക്രട്ടറിയേറ്റ് തലത്തിലോ വാക്സിൻ വാങ്ങിക്കാനുള്ള യാതൊരു തീരുമാനവും എടുത്തിട്ടില്ല എന്നിരിക്കെ ഈ ആരോപണത്തിന് ഒരു പ്രസക്തിയുമില്ല. സി.പി.സി. അംഗീകരിച്ച ലിസ്റ്റിൽ നിന്ന് ആവശ്യാനുസരണം ബന്ധപ്പെട്ട പർച്ചേസിംഗ് ഓഫീസേഴ്സ്—ഡി.എം.ഒ.-മാർ, മെഡിക്കൽ കോളേജ് പ്രിൻസിപ്പൽമാർ—എന്നിവരാണ് വാക്സിൻ വാങ്ങിച്ചത് യാതൊരു കഴമ്പുമില്ലാത്ത ഈ ആരോപണം ഞാൻ ശക്തിയായി നിഷേധിക്കുന്നു.

അഭയറാബ് വാക്സിൻ സംബന്ധിച്ച പരാതി ഉയർന്നുവന്നതിനെത്തുടർന്ന് പ്രസ്തുത വാക്സിൻ വാങ്ങിക്കുന്നത് സി. പി. സി. തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നിർത്തിവച്ചതാണ്. 2003-2004-ൽ ഞാൻ ആരോഗ്യവകുപ്പു കൈയാളുന്ന കാലത്ത് അഭയ റാബിൻ നിന്നും ആന്റി റാബീസ് വാക്സിൻ വാങ്ങിയിട്ടില്ല. വാങ്ങിക്കാത്ത മരുന്നിന്റെ പേരിൽപോലും കൈക്കൂലി ആരോപണം വിചിത്രമായിരിക്കുന്നു! ഈ ആരോപണവും ഞാൻ ശക്തിയായി നിഷേധിക്കുന്നു.

പാർട്ട് ടൈം സ്വീപ്പർമാരുടെ നിയമനം സംബന്ധിച്ചകാര്യം ഇതിനു മുൻപും പ്രതിപക്ഷം നിയമസഭയിൽ ഉന്നയിച്ചപ്പോൾ സർക്കാർ നിലപാട് ഞാൻ വ്യക്തമാക്കിയതാണ്. ഞാൻ ആരോഗ്യവകുപ്പ് ഒഴിഞ്ഞിട്ട് മാസങ്ങൾ കഴിഞ്ഞിട്ടും വീണ്ടും ഇതേകാര്യം തന്നെ ഉന്നയിക്കുന്നത് ദുരുദ്ദേശത്തോടുകൂടിയാണ്. ഈ നിയമനങ്ങളിൽ അഴിമതി നടത്തിയെന്ന ആരോപണം ഞാൻ പാടെ നിഷേധിക്കുന്നു. തൊഴിലിൽ അഭിരുചിയും പ്രാപ്തിയും ഉള്ളവർക്ക് മുൻഗണന ലഭിക്കുന്നതിന് വേണ്ടി ഡി.എം.ഒ.-മാർ മാത്രം ഏകപക്ഷീയമായി നിയമനം നടത്തുന്നതിന് പകരം കൂടുതൽ സുതാര്യമായും മെച്ചപ്പെട്ട രീതിയിലും പ്രാപ്തരായവരെ തിരഞ്ഞെടുപ്പ് നടത്തുന്നതിനാണ് സർവ്വീസിൽ ഉള്ള രണ്ട് ഗസറ്റഡ് ഉദ്യോഗസ്ഥൻമാരെക്കൂടി ഉൾപ്പെടുത്തി ഡി.എം.ഒ. ചെയർമാനായുള്ള കമ്മിറ്റിയെ ചുമതലപ്പെടുത്തിയത്. സെലക്ഷൻ കമ്മിറ്റിയിൽ ഒരാൾക്കു പകരം മൂന്നു ഉദ്യോഗസ്ഥൻമാർ വന്നാൽ എന്താണ് ക്രമക്കേട്? ഡി.എം.ഒ.-യെ വിശ്വസിക്കാമെങ്കിൽ ഉത്തരവാദപ്പെട്ട രണ്ട് ഗസറ്റഡ് ഉദ്യോഗസ്ഥൻമാരെയും വിശ്വസിച്ചുകൂടായോ? ബഹു. വി. എം. സുധീരൻ ആരോഗ്യമന്ത്രിയായിരുന്നപ്പോൾ ഇറക്കിയ ഉത്തരവിലെ മാർഗ്ഗ നിർദ്ദേശങ്ങൾ എൽ.ഡി.എഫ്. സർക്കാർ മാറ്റിയിട്ടില്ല എന്നാണ് ബഹു. അംഗത്തിന്റെ മറ്റൊരു അവകാശവാദം. ഇത് തെറ്റാണ്. G.O. (MS) 302/96/H&FWD-Tvm dated 14-8-1996 പ്രകാരം Vijaya Chandran, Secretary to Government, H&FWD ഇറക്കിയ ഉത്തരവിൽ "the norms for the Selection of P. T. Sweeper fixed as per Government Order read above i.e. (G.O.MS. 295/95, H&FWD dated 7-6-1995 and G.O. MS 436/95/H&FWD dated 24-8-1995.) is modified to this extent and revised norms are appended to this order as annexure"—എന്ന്

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞിട്ടുണ്ട്. ഇക്കാര്യത്തിൽ വകുപ്പ് മന്ത്രിക്ക് എന്തെങ്കിലും നിക്ഷിപ്ത താല്പര്യ മുണ്ടായിരുന്നെങ്കിൽ സ്വന്തം വകുപ്പിലെ ഡി.എം.ഒ.-മാർ മുഖേന തന്നെ, താല്പര്യ മുള്ളവരെ തിരഞ്ഞെടുക്കുന്നതിന് കഴിയുമായിരുന്നു. പക്ഷേ അങ്ങനെ ചെയ്തില്ല. ഈ നിയമനങ്ങളിൽ എന്തെങ്കിലും സാമ്പത്തിക നേട്ടം ആരെങ്കിലും ഉണ്ടാക്കി യതായി ആരോപിക്കാൻ സാധിക്കില്ല. ഉദ്ദേശ ശുദ്ധിയേയും ചോദ്യം ചെയ്യാൻ കഴിയില്ല. ആരോപണം കള്ളവും ദുരുദ്ദേശപരവുമാണ്. ആരോപണം ഞാൻ നിഷേധിക്കുന്നു.

വൃക്കയുമായി ബന്ധപ്പെട്ട് സഭയിൽ അന്നെ ദിവസം നേരിട്ട് ഉന്നയിച്ച ഏറ്റവും ഒടുവിലത്തെ ആരോപണവും ഞാൻ നിഷേധിക്കുന്നു. വിനോദസഞ്ചാര വകുപ്പിന്റെ ധനാഭ്യർത്ഥനാ ചർച്ചാ വേളയിൽ ബഹു. അംഗം ശ്രീ. രാജു എബ്രഹാം നടത്തിയ ചില പരാമർശങ്ങൾക്ക് മറുപടിയായി ഞാൻ നിയമസഭയിൽ പറഞ്ഞത് ഡി.ജി.പി.-യുടെയോ ഡി.ഐ.ജി.-യുടെയോ റിപ്പോർട്ടല്ല, മറിച്ച് വിജിലൻസ് ആന്റ് ആന്റീ കറപ്ക്ഷൻ ബ്യൂറോ നൽകിയ റിപ്പോർട്ടാണ്. ഈ റിപ്പോർട്ടിൽ പറഞ്ഞ കാര്യം ഞാൻ നിയമസഭയിൽ പറഞ്ഞതാണെങ്കിലും വീണ്ടും ആവർത്തിക്കുന്നു. ഈ റിപ്പോർട്ടിൽ എനിക്കെതിരെ വൃക്ക സംബന്ധമായ കേസിൽ യാതൊരു ആരോപണവും തെളിയിക്കപ്പെട്ടിട്ടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. അതിൽ പറഞ്ഞി രിക്കുന്നത് "No evidence is forthcoming to suggest that the Minister (A-1) had obtained any pecuniary advantage or wrongful gain by way of using the said private car" "No evidence is forthcoming to substantiate the allegation that A1 Minister Sri P. Sankaran had interfered in the investigation of the said case against the hospital authorities".

വസ്തുതകൾ ഇതായിരിക്കെ, സത്യവുമായി പുലബന്ധം പോലുമില്ലാത്ത അടിസ്ഥാനരഹിതമായ കാര്യങ്ങൾ പറഞ്ഞു മാന്യവ്യക്തികളെ അവഹേളിക്കുന്ന നടപടി ആർക്കും ഭൂഷണമല്ല.

ധീരതയോടെ, ചങ്കുറ്റത്തോടെ, ആത്മവിശ്വാസത്തോടെ, സത്യസന്ധമായി ഞാൻ പ്രസ്താവിക്കുന്നു; ഈ ആരോപണങ്ങളത്രയും എന്നെയും ശ്രീ. എ. കെ. ആന്റണി നയിക്കുന്ന അഴിമതി രഹിതമായ ഈ സർക്കാരിനെയും കരിതേച്ച് കാണിക്കാൻ വേണ്ടി മാത്രം മിനഞ്ഞെടുത്തതാണ്.

ഇത്തരം തരംതാണ ആരോപണം നടത്തുന്ന ബഹു. അംഗം വസ്തുതകൾ മനസിലാക്കി കുറേക്കൂടി ഉത്തരവാദിത്വത്തോടുകൂടി ഇനിയെങ്കിലും പെരുമാറേണ്ടതാണ്. നിയമസഭ നൽകുന്ന പരിരക്ഷയുടെ മറവിൽ ആർക്കെതിരേയും എന്തും വിളിച്ചു പറയുന്ന ഈ പ്രവണത അവസാനിപ്പിക്കേണ്ടതാണ്. എല്ലാ ആരോപണങ്ങളും ഒരിക്കൽകൂടി ശക്തമായി നിഷേധിക്കുന്നു.

ഇക്കാര്യത്തിൽ എന്റെ കൈകൾ പരിശുദ്ധമാണ്. അതുകൊണ്ട്തന്നെ സംശയത്തിന്റെ അംശംപോലും ബാക്കി നിൽക്കാതെ മറുപടി പറയണമെന്ന ഉദ്ദേശം സഫലീകരിച്ചു എന്ന വിശ്വാസത്തോടെ ഞാൻ നിർത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly